Monthly Newsletter of
THE INDIAN PENTECOSTAL CHURCH OF GOD - BAHRAIN
✶ Glorious service in Bahrain since 1956 ✶ Issue No. 75 - March 2019

IPC VOICE

# വിചാരപ്പെടരുത്...!



**പാസ്റ്റർ എബി പി. സാമുവൽ**

***ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് എല്ലാറ്റിനും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തെ അറിയിക്കയത്രേ വേണ്ടത്. (ഫിലി. 4:6)***

അനുദിനജീവിതത്തിൽ വിചാരപ്പെടുത്തുന്ന പല വിഷയങ്ങളും കടന്നുവരുമ്പോൾ അതോർത്ത് വിചാരപ്പെട്ടിരിക്കുന്നതിനു പകരം വിചാരപ്പെടുത്തുന്ന വിഷയങ്ങളുമായി കർത്താവിന്റെ പാദപീഠത്തിൽ ഇരുന്നാൽ സ്വസ്ഥത ലഭിക്കും. (ലൂക്കോ. 10: 3842) യേശു ഉള്ള ഒരേ ഭവനത്തിൽ രണ്ടു സഹോദരിമാരിൽ ഒരാൾ പ്രശ്നങ്ങളുമായി ഓടി നടക്കുമ്പോൾ മറ്റൊരാൾ പ്രശ്നങ്ങളുടെ നടുവിൽ യേശുവിന്റെ പാദപീഠ ത്തിൽ ഇരുന്നു സ്വസ്ഥത അനുഭവിക്കുന്നതായി കാണുന്നു. എന്തു തിന്നും, എന്തു കുടിക്കും, എന്തു ഉടുക്കും എന്ന പ്രാഥമിക ആവശ്യത്തെക്കുറിച്ചുപോലും വിചാരപ്പെടരുത് എന്ന് പറഞ്ഞ യേശുവിനു ജീവിതത്തിൽ നാം ഒന്നാം സ്ഥാനം നൽകുമ്പോൾ നാം വിചാരപ്പെടുന്നതും അതോടുകൂടെ നമുക്ക് ആവശ്യമായതും നൽകും. (മത്താ. 6:25). ജീവൻ തന്ന ദൈവം ജീവിക്കുവാൻ ആവശ്യമായത് നൽകും.

ദൈവത്തെ അനുസരിച്ച് കെരീത്തിൽ എത്തിയപ്പോഴും, സരാഫാത്തിൽ ചെന്നപ്പോഴും ഏലിയാവിന് എന്തു തിന്നും എന്തു കുടിക്കും എന്ന വിചാരമില്ലായിരുന്നു. പ്രാർത്ഥിക്കുന്നവൻ വിചാരപ്പെടെണ്ട ആവശ്യമില്ല. ദൈവം അവർക്ക് മുൻകരുതി വെക്കും. ജീവിതത്തിൽ നാം അഭിമുഖീകരിക്കേണ്ട വിചാരപ്പെടുത്തുന്ന വിഷയങ്ങൾക്ക് പ്രതിവിധി കരുതിവച്ചിട്ടു മാത്രമേ ദൈവം ആ സാഹചര്യത്തിൽകൂടി നമ്മെ കടത്തിവിടുകയുള്ളൂ. അത് നമ്മുടെ ഉറപ്പായിരിക്കേണം. വിചാരപ്പെടുത്തുന്ന വിഷയങ്ങൾ വരുമ്പോൾ അതിൽനിന്ന് നമ്മെ രക്ഷപെടുത്തുന്ന കാര്യങ്ങളാണ് ഉപവാസവും പ്രാർത്ഥനയും.

വിചാരപ്പെടുക എന്നത് നമ്മെ കർത്താവിന്റെ വരവിൽ എടുത്തുകൊള്ളപ്പെടുന്നതിനു തടസ്സമായ ഒരു പാപം ആണെന്ന് നാം അറിഞ്ഞിരിക്കേണം. എന്നാൽ നമ്മൾ എന്തിനെക്കുറിച്ച് വിചാരപ്പെടണം എന്നും വചനം പറയുന്നു. ഓരോരുത്തൻ തന്റെ പാപങ്ങളെ ഓർത്തു വിചാരപ്പെടണം (വിലാ. 3:39). നിത്യതയിൽ പ്രവേശിക്കുവാൻ തടസ്സമായത് എന്തെങ്കിലും ജീവിതത്തിൽ ഉണ്ടെങ്കിൽ അത് ഓർത്തു വിചാരപ്പെടട്ടെ. ഈ ലോക ചിന്തകൾ വിചാരപ്പെടുത്തുമ്പോൾ ആ ചിന്താകുലങ്ങൾ എല്ലാം കർത്താവിന്റെ മേൽ ഇടാം. അതിനു കഴിഞ്ഞില്ലാ എങ്കിൽ പിശാച് നമ്മെ വിഴുങ്ങും. അങ്ങനെ പിശാചിന്റെ പിടിയിൽ ഇരുന്നാൽ കർത്താവ് വന്നാൽ നാം അറിയുകയില്ല എന്ന് മാത്രമല്ല, കർത്താവിന്റെ വരവിൽ എടുക്കപ്പെടാൻ അത് തടസ്സമാകുകയും ചെയ്യും.

വിചാരപ്പെടൽ പ്രാർത്ഥനയെ ഇല്ലാതാക്കുന്നു, എന്നാൽ പ്രാർത്ഥന നമ്മുടെ വിചാരപ്പെടലിനെ ഇല്ലാതാക്കും. അതുകൊണ്ട് പ്രാർത്ഥനാജീവിതത്തിൽ മുന്നേറാൻ സാധിച്ചാൽ വിചാരപ്പെടലിനെ അകറ്റി നിർത്താം. ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ വചനത്തിൽ ആശ്രയിച്ച് വാഗ്ദത്തങ്ങളെ മുറുകെപ്പിടിച്ച് പ്രാർത്ഥനയോടെ നമ്മുടെ ജീവിതം മുന്നോട്ടു നയിക്കാൻ ദൈവം ഇടയാക്കട്ടെ.

(ബൈബിൾ സ്റ്റഡിയുടെ പൂർണ്ണരൂപം – (Topic : “The one in whom God Delights”
www.ipcbahrainchurch.com –ൽ ലഭ്യമാണ്)

# അന്ത്യകാല ശാസ്ത്രം (Eschatology)



പാസ്റ്റർ വി.ഒ. വർഗീസ്

വേഗത്തിൽ സംഭവിപ്പാനുള്ളതു തന്റെ ദാസന്മാരെ അറിയിക്കേണ്ടതിനു, യേശുക്രിസ്തു തന്റെ ദൂതൻ മുഖാന്തരം യോഹന്നാനെ അറിയിച്ചു. (വെളി. 1:1,2). ഈ കാലഘട്ടത്തിൽ നാം ഉൾപ്പെടുന്ന സഭയെ അത് അറിയിക്കേണ്ടതിനായിട്ടാണ് യോഹന്നാനു ദൈവം അത് വെളിപ്പെടുത്തിയത്. പൌലോസ് പറയുന്നു, നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നു എങ്കിൽ ബാക്കിയുള്ള സകല മനുഷ്യരിലും നാം അരിഷ്ടന്മാരാകുന്നു. അന്ത്യകാല ശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതായത്, ക്രിസ്തുവിന്റെ വരവും അനന്തര സംഭവങ്ങളെയും കുറിച്ച് നാം നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിൽ തന്നെ അറിയണം, മനസ്സിലാക്കണം.

നാം ജീവിക്കുന്ന ഈ കാലഘട്ടം എന്ന് പറയുന്നത് സഭാ കാലഘട്ടമാണ്. ഇതിന്റെ ഒടുവിൽ, ഒന്നാമതായി യേശുക്രിസ്തു സഭയെ ചേർക്കുവാനായി മേഘങ്ങളിൽ വരും. അതേസമയത്തു തന്നെ നടക്കുന്നതാണ് ഉത്പ്രാപണം (rapture). ഉത്പ്രാപണത്തിൽ നടക്കുന്ന രണ്ടു കാര്യങ്ങളാണ് ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേല്പും ക്രിസ്തുവിൽ ജീവനോടിരിക്കുന്ന വിശുദ്ധന്മാരുടെ രൂപാന്തരവും. ഇത് രണ്ടും ഒരേസമയത്ത് നടക്കും. യേശുക്രിസ്തു സ്വർഗ്ഗത്തിൽനിന്നു മദ്ധ്യാകാശം വരെ ഇറങ്ങിവരുന്നു, സഭ ഭൂമിയിൽനിന്നു എടുക്കപ്പെടുന്നു, രണ്ടുപേരുംകൂടെ മേഘങ്ങളിൽ കണ്ടുമുട്ടുന്നു. യേശുക്രിസ്തുവിന്റെ മദ്ധ്യാകാശത്തിലെ രഹസ്യവരവ് സഭയെ ചേർക്കുവാനാണെങ്കിൽ 7 വർഷത്തെ മഹോപദ്രവകാലം കഴിഞ്ഞു ആയിരാമാണ്ട് വാഴ്ച്ചക്കായി ക്രിസ്തു സഭയുമായിട്ടാണ് ഭൂമിയിലേക്ക് വരുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം രണ്ടു പ്രത്യക്ഷതയും പ്രധാനപ്പെട്ടതാണെങ്കിലും നാം ഒരുങ്ങിയിരിക്കേണ്ടത് നമ്മുടെ കർത്താവിന്റെ രഹസ്യപ്രത്യക്ഷതയ്ക്കു വേണ്ടിയാണ്. അന്ന് നാം കൈവിടപ്പെട്ടുപോകാൻ ഇടവരരുത്.




കർത്താവിന്റെ മദ്ധ്യാകാശത്തിലെ വരവിന്റെ സമയം ആർക്കും ദൈവം വെളിപ്പെടുത്തിയിട്ടില്ല. അത് ഏതു സമയത്തും സംഭവിക്കാം. എന്നാൽ നമ്മുടെ കർത്താവിന്റെ വരവിനായി നാം ഒരുങ്ങിയിട്ടുണ്ടോ? അവന്റെ മുൻപിൽ യാതൊന്നും മറഞ്ഞിരിക്കുന്നില്ല. നമ്മുടെ ഹൃദയത്തിന്റെ ആലോചനകളെപ്പോലും വെളിച്ചത്തു കൊണ്ടുവരുന്ന ആ ദിവസം നാം ലജ്ജിതരാകാതിരിപ്പാൻ നമ്മുടെ ജീവിതത്തെ നമുക്ക് മാനസാന്തരത്തിനായി ഒരുക്കാം. അതിനാ യി നമ്മുടെ രഹസ്യവും പരസ്യവുമായ ജീവിതത്തെ ക്രമീകരിക്കാം, ഇന്ന് നാം അവന്റെ അടുക്കൽ ചെന്നാൽ നമ്മുടെ പാപങ്ങളെ മോചിപ്പാൻ അവൻ പ്രാപ്തനാണ് കാരണം യേശു ഇന്ന് ദൈവമുൻപാകെ നമ്മുടെ മദ്ധ്യസ്ഥനാണ്. എന്നാൽ അവൻ ന്യായാധിപൻ ആകുന്ന ഒരു ദിവസമുണ്ട്. അന്ന് നാം കണക്കു ബോധിപ്പിക്കേണ്ടിവരും. ആ ന്യായവിധിയിൽ നിന്ന് ഒഴിവുള്ളവരാകുവാൻ ജീവിതത്തെ വിശുദ്ധിയിൽ കാത്തു കർത്താവിന്റെ വരവിനായി കാത്തിരിക്കാം ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

(ബൈബിൾ സ്റ്റഡിയുടെ പൂർണ്ണരൂപം www.ipcbahrainchurch.com –ൽ ലഭ്യമാണ്)

"ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം." 1 Thess. 5:17

## പ്രാർത്ഥനയ്ക്ക്

1. ബഹറിന്റെ ഭരണാധികാരികൾക്കും ജനങ്ങൾക്കും സുരക്ഷയ്ക്കും വേണ്ടി
2. ഭാരതത്തിലെ ഭരണാധികാരികൾക്കും, ജനങ്ങൾക്കും, 29 സ്റ്റേറ്റുകളിൽ വിവിധ നിലകളിൽ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി.
3. നമ്മുടെ കേരളത്തിലെ 14 ജില്ലകൾക്കായും അവിടുത്തെ സുവിശേഷപ്രവർത്തനങ്ങൾക്കുമായി
4. സുവിശേഷം നിമിത്തം തടവറയിൽ ആയിരിക്കുന്ന മിഷനറിമാർക്കായും അവരുടെ കുടുംബത്തിനായും
5. ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകുവാനും എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനും,
6. ശുശ്രൂഷകൻമാർക്കും കുടുംബങ്ങൾക്കും സഹവിശ്വാസികൾക്കും വേണ്ടി
7. സുവിശേഷ പ്രവർത്തനങ്ങൾക്കായി സഭയിൽ നിന്നു പോയ എല്ലാവരേയും ഓർത്ത് പ്രാർത്ഥിക്കുക
8. PMBB യുടെ പ്രവർത്തനങ്ങൾക്കായും അതിന് ചുമതല വഹിക്കുന്ന എല്ലാ ശുശ്രൂഷകൻമാർക്കായും
9. വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കൾ, രോഗികളായി ആശുപത്രികളിലായിരിക്കുന്നവർ എന്നിവർക്കായി
10. For all those who are planning to get married so that they find the right partner
11. For those who are seeking for a job and looking for a promotion in their current jobs
12. For those who are under pressure on thier job and facing visa and other problems
13. For our youngsters studying in Schools & Professional Colleges in and out of Bahrain
14. For all our UNSPOKEN REQUESTS
15. **PRAY FOR THE SICK**

• Sheeba (U.S.A) • Joshua Kallissery • Krupa (D/o Cyrus) • Danny Manoj
• Br. Titus Samuel • Sis. Tincy • Jincy (Kuwait) • Sis. Kunjumol (Kalayapuram)
• Father of Br. Joyson • Sr. Sheelu (Canada) • Leelamma Aunty
• Pr. Joju Joseph & Viji (Calcutta) • Br. Aji K. Mathew • Br. Alex (Brother of Sumol)
• Baby Aarushi (Kozhikode) • Child of Br. Rajesh • Blessen • Sis. Anu

**Cancer patients** - • Br. Raju • Br. Joshua (Kuwait) • M/o Br. Tino • Br. Jose (Kottarakkara)
• Mahima (Kottarakkara) • Radhamani (Kollam) • Kunjamma (Tiruvalla) • Sis. Betcy

**For all children suffering with allergic problems**

• Dawn Manoj • Jeslin Joy • Neha Selvin • Sara Bijoy • Priya Abraham
• Joseph Benji • Jonathan (Kuwait)

16. **In Familyway**: • Jincy Jerin • Bindu Dhaneesh • Aswini Nikki
17. **Family Blessing** • Saju & Nissy • Seema & Sajith • Santy & Vini • Sheeba & Rajesh

## സ്തോത്രത്തിന്

## APRIL

### BIRTHDAYS

| | |
|---|---|
| Apr-01 | Jaya Roy Mathews |
| Apr-02 | Reji Varghese |
| Apr-05 | Andrea Mariam Siju |
| Apr-07 | Shaji M. John |
| Apr-07 | Sharon Susan John |
| Apr-08 | Philip Koshy |
| Apr-08 | Jincy John |
| Apr-08 | Shibin Thomas |
| Apr-09 | Jamie Thomas |
| Apr-09 | Rufus K. Mathew |
| Apr-09 | Dennis Varghese |
| Apr-11 | Eben Samuel |
| Apr-12 | Sam Mathews |
| Apr-13 | Dhaneesh R.S |
| Apr-14 | Maneshae Madhu |
| Apr-14 | Princy Nidhin |
| Apr-14 | Shyji George |
| Apr-18 | Freeda Manoj |
| Apr-18 | Alvin Vinu |
| Apr-18 | Jeffry George |
| Apr-19 | Kevin Anil Varghese |
| Apr-21 | Reena Baiju |
| Apr-23 | Marykutty Thomas |
| Apr-23 | Immanuel Joy Prasad |
| Apr-25 | Lissy Thomas |
| Apr-27 | Serah Mariam Jimson |
| Apr-30 | Joy Thomas |

*God blessed*
*Br. Tino & Beryl*
*with a baby girl*

### WEDDING ANNIVERSARIES

| | |
|---|---|
| Apr-06 | Samuel Kutty & Shiny Samuel |
| Apr-15 | Binu Paul Peter & Deena Binu |
| Apr-17 | Binoy Anto & Alby Binoy |
| Apr-17 | Mathai Abraham & Lissy John |
| Apr-24 | Benny Chacko & Elsy Benny |

**God's Promise**
**Deu 10:20,21**

"You shall fear the Lord your God; you shall serve Him, and to Him you shall hold fast, and take oaths in His name. He is your praise, and He is your God, who has done for you these great and awesome things which your eyes have seen".

"നിന്റെ ദൈവമായ യഹോവയെ നീ ഭയപ്പെടേണം; അവനെ സേവിക്കേണം; അവനോടു ചേർന്നിരിക്കേണം; അവന്റെ നാമത്തിൽ സത്യം ചെയ്യേണം. അവൻ ആകുന്നു നിന്റെ പുകഴ്ച; അവൻ ആകുന്നു നിൻറെ ദൈവം; നീ കണ്ണാലെ കണ്ടിട്ടുള്ള മഹത്തും ഭയങ്കരവുമായ കാര്യങ്ങളെ നിനക്കുവേണ്ടി ചെയ്തതു അവൻ തന്നെ."

# വ്യായാമം

ഒരിക്കൽ ഒരു ഭ്രാന്താശുപത്രിയിലെ രോഗികളെ വ്യയാമ പരിശീലനത്തിനായി മുറ്റത്തു നിരത്തി നിർത്തി. എന്നിട്ട് എല്ലാവരോടും സൈക്കിളിലാണ് ഇരിക്കുന്നത് എന്ന് വിചാരിച്ചുകൊണ്ട് കൈ മുമ്പോട്ടു പിടിച്ചു കാലുകൊണ്ട് പെഡൽചവിട്ടുന്നതുപോലെ ചവിട്ടാൻ പറഞ്ഞു.

എല്ലാവരും അത്തരത്തിൽ രണ്ടു കയ്യും മുമ്പോട്ടുപിടിച്ചു കാൽകൊണ്ട് ചവിട്ടുന്നതുപോലെ കാണിച്ചുകൊണ്ടിരുന്നു. എന്നാൽ അതിൽ ഒരുവൻ ചവിട്ടാതെ കൈ മാത്രം മുമ്പോട്ടു പിടിച്ചോണ്ട് നി ൽക്കുന്നത് കണ്ടു കാരണം തിരക്കി. അപ്പോൾ അവൻ പറഞ്ഞു: 'ഞാൻ ഇപ്പോൾ ഇറക്കത്തിലൂടെ പോയിക്കൊണ്ടിരിക്കുകയാണ്...!!'

ഇന്ന് പലരും ഇത്തരത്തിലാണ് ക്രിസ്തീയ ജീവിതം നയിക്കുന്നത്. യാതൊരുവിധ അദ്ധ്വാനവും ചെയ്യാതെ എല്ലാവരും ഇറക്കത്തിലൂടെ പായുകയാണ്. എന്നാൽ ക്രിസ്തീയ ജീവിതം ഉയരങ്ങളിലേക്കുള്ള സഞ്ചാരമാകയാൽ ആഞ്ഞു ചവിട്ടുക, എപ്പോൾ ചവിട്ടു നിർത്തുന്നുവോ അന്നേരം നേരെ താഴോട്ട് പോരും എന്നത് മറക്കാതിരിക്കുക.

Bible Quiz 57

തയ്യാറാക്കിയത്:
**Titus Samuel**

## 1 രാജാക്കന്മാർ

1. സമാധാന സമയത്ത് യുദ്ധരക്തം ചൊരിഞ്ഞു യുദ്ധരക്തം അരക്കച്ചയിലും കാലിലെ ചെരിപ്പിലും ആക്കിയത് ആര്?
2. ദാവീദ് വാൾകൊണ്ടു കൊല്ലുകയില്ലെന്നു യഹോവയുടെ നാമത്തിൽ സത്യം ചെയ്തത് ആരോട്?
3. അദോനിയാവിനെ കൊന്നത് ആര്?
4. അത് നല്ല വാക്ക്, യജമാനനായ രാജാവ് കല്പിച്ചതുപോലെ അടിയൻ ചെയ്തുകൊള്ളാം ആര് ആരോട് പറഞ്ഞു?

## Meeting Schedule - April

**CHAIN PRAYER**
- April 5
  - 1st Session 9am to 12.30pm @ Ebenezer School
  - 2nd Session 7.30pm to 9pm @ New Indian School

**ANNUAL CHURCH FASTING PRAYER -**
- April 8,9,10 - 7.30pm @ New Indian School

**PYPA -** • April 19- 11am @ Ebenezer School

**AREA PRAYER -** Every Monday-7.30 to 9pm
- @ Flat 602, Sana Building Salmaniya
  *(Contact Pr. Jaison: 33353205)*

**SISTERS MEETING**
- April 1,2,3 - Pr. M.J. David & Lilly
- April 13 - Br. Selvin & Shiji
- April 20 - Will be announced
- April 27 - Will be announced

**ബൈബിൾ ക്വിസ് -56 ഉത്തരങ്ങൾ**
1. 1Kings 1:7
2. 1Kings 1:20
3. 1Kings 1:34
4. 1Kings 1:42
5. 1Kings 1:52

PRAYERFUL WISHES to OUR KIDS WHO BEGIN tHEIR SCHOOL LIFE tHIS YEAR



Jewel, Caleb
Nathan, Rachel

Please send your prayer requests, articles & feedback to
**rymathews@gmail.com / Roy Mathews - 39856057**
**www.ipcbahrainchurch.com**
(For private circulation among church members only)

IPC VOICE
Issue No. 75- March 2019